# ഇച്ഛിച്ചതും കൽപിച്ചതും



**അഹ്മദ് ശിബിലി**

**പച്ച** പ്രസംഗവേദിയിൽ നിന്നവൻ ഇറങ്ങിപ്പോയി
കാവി യോഗത്തിൽനിന്ന് വേറൊരുവനും
സംഘടനകളുടെ സംഘടിത
ഗുണ്ടായിസം അവസാനിപ്പിക്കാൻ
അവരൊരു രഹസ്യ സംഘടന തുടങ്ങി

**മതങ്ങളെ** അവർക്ക് വെറുപ്പായിരുന്നു
അവരുടെ വേദം മൂലധനമായിരുന്നു
ഡാർവിൻ സാഹിബ് അവരുടെ പ്രവാചകനായിരുന്നു
എന്നാലോ അവർ സ്വതന്ത്ര ചിന്തകരായിരുന്നു. ■

**കെ.പി ബാലകൃഷ്ണൻ**
**ഇരിങ്ങൽ**

# ടെലിഗ്രാഫി

**കമ്പി** സന്ദേശത്തിലല്ലാതെ
എസ്.എം.എസ്സിലൂടെ
മരണ വിവരമറിഞ്ഞു.
2013 ജൂലൈ 14 അർദ്ധ രാത്രി
നൂറ്ററുപത് പിന്നിട്ട "കിഴവനെ"
കൊന്നതാണെന്ന് അടക്കം പറച്ചിൽ.
പിന്നെ, ഞെട്ടലാണുണ്ടായത്.
അന്വേഷണം എസ്.എം.എസ്സിലേക്കും
ഇന്റർനെറ്റിലേക്കും നീണ്ടെങ്കിലും
രേഖാചിത്രത്തിൽ തെളിഞ്ഞത്
പഴയ ലോക ബാങ്കുദ്യോഗസ്ഥന്റേത്
ഓർമയിൽ കുത്തും വരകളും
വിദ്യുത് തരംഗമുണ്ടാക്കി
എങ്കിലും!
സത്യമെന്നെ ഓർമപ്പെടുത്തി
പുതിയതിന്റെ പിറവിക്കായ്
ശാസ്ത്രം പഴയതിനെ വെച്ചേക്കില്ലെന്ന്
ഇതൊരു സത്യം തന്നെയെങ്കിൽ
പഴയ ബാങ്കുദ്യോഗസ്ഥന്റെ
പുതിയ പണിക്ക് മറ്റാരെങ്കിലും?
കാലത്തിന്റെ ടെലിഗ്രാഫിനായ്
ഞാൻ കൺനട്ടിരിക്കും. ■





പുസ്തകപ്പുരയിലേക്കുള്ള
പുസ്തകങ്ങൾ മൂന്ന്
കോപ്പി വീതം അയക്കുക.

**വിലാസം**
പുസ്തകപ്പുര, പ്രബോധനം വാരിക
സിൽവർ ഹിൽസ്, കോഴിക്കോട്-12


## ഖുർആനിലെ പ്രവാചകന്മാർ

ആദം നബി തൊട്ട് അന്ത്യനാൾ വരെയുള്ള മനുഷ്യ സഞ്ചയത്തിന് ധർമം, നീതി, മൂല്യങ്ങൾ, സംസ്കരണം, വിട്ടുവീഴ്ച, സഹനം തുടങ്ങിയ ധാർമിക മൂല്യങ്ങൾ പഠിപ്പിക്കാനും ഏകദൈവവിശ്വാസവും പരലോകമോക്ഷവും വിളംബരം ചെയ്യാനും കാലാകാലങ്ങളിൽ പ്രവാചകന്മാർ നിയോഗിതരായിട്ടുണ്ട്. അതിൽ ഖുർആൻ പേരെടുത്ത് പറഞ്ഞ 25 പ്രവാചകന്മാരുടെ ഹ്രസ്വ ചരിത്രമാണ് അബ്ദുൽ ജബ്ബാർ കൂരാരി *ഖുർആനിലെ പ്രവാചകന്മാർ* എന്ന പുസ്തകത്തിലൂടെ പങ്കുവെക്കുന്നത്. പോയകാല സമൂഹത്തിലേക്ക് പ്രബോധന ദൗത്യവുമായി ഇറങ്ങിച്ചെന്ന പ്രവാചകന്മാർ അഭിമുഖീകരിച്ച ക്ലേശങ്ങളെ ഹൃദയഹാരിയായി പകർന്നു നൽകാൻ പുസ്തകത്തിനാവുന്നു. പ്രസാധകർ: വചനം ബുക്സ്. വില 120 രൂപ.




## കേരള വിചാരങ്ങൾ

കേരളത്തെക്കുറിച്ചും കേരളീയതയെക്കുറിച്ചുമുള്ള പതിവു നിർവചനങ്ങളെ മുറിച്ചുകടക്കാനുള്ള ചരിത്രകാ



# സ്മാരകശിലകൾ

**ആമിന താജുദ്ദീൻ, കടയ്ക്കൽ**

**സിരകളിൽ** കൂടി ഇന്നലെ
ഒഴുകിയ രക്തം
ഇന്നു പുഴയായി, വറ്റിയ നദി
വഴികളിൽ ഒഴുകുന്നു.
നാളെയത് കണ്ണീരാകുന്നു
പിന്നെ വോട്ടുകളാകുന്നു
പിന്നെ ഓർമയാകുന്നു
പിന്നെ മണ്ണോട് ചേരാൻ സ്മാരകവും. ■

**പ്രമോദ് പുനലൂർ**

# ഇനിയും....

**പൂക്കുട**ക്കറിയില്ല
ഏതു ചെടിയിലെ പൂക്കളെന്ന്
പുഴക്കും അറിയില്ല, അതു നനച്ച പാദങ്ങൾ
എത്രദൂരം നടന്നിട്ടുണ്ടാവാമെന്ന്
മഴയ്ക്കും അറിയില്ല, ഈ ഇറമ്പലിൽ
എത്ര തേങ്ങലുകൾ ഒലിച്ചുപോയിട്ടുണ്ടാവാമെന്ന്.
പുഴയ്ക്കും മഴയ്ക്കും എനിക്കും അറിയാം
ചില പൂക്കളിൽ ഇനിമേൽ നനവുണ്ടാവില്ലെന്ന്. ■

---

രൻ എം. ഗംഗാധരന്റെ അന്വേഷണങ്ങളുടെ സമാഹാരമാണ് *കേരള വിചാരങ്ങൾ*. പാടിപ്പുകഴ്ത്തപ്പെട്ട നവോത്ഥാന സംരംഭങ്ങളും പരിഷ്കരണ പ്രസ്ഥാനങ്ങളും കേരളീയ പൊതു മണ്ഡലത്തെ ദീർഘദൃഷ്ടിയോടെ അഭിമുഖീകരിച്ചില്ലെന്നും അതിന്റെ അനിവാര്യമായ സംഘർഷങ്ങൾ പൂർവാധികം ശക്തിയോടെ ഇരമ്പി വരുന്നുണ്ടെന്നും ഓർമപ്പെടുത്തുന്നു ഇതിലെ പ്രബന്ധങ്ങൾ. സമുദായം, ജാതി, മത സൗഹാർദം, വികസനം തുടങ്ങി കേരളത്തെക്കുറിച്ച ആലോചനകളുടെ അടിക്കല്ലുകളായ വ്യത്യസ്ത വിഷയങ്ങളിൽ ഇടപെട്ടുകൊണ്ട് ബദൽ മാതൃകകൾ നിർദേശിക്കുന്നു ഗ്രന്ഥകാരൻ. പ്രസാധനം: പ്രതീക്ഷ ബുക്സ്. വില 130 രൂപ.




## ശബ്ദം നഷ്ടപ്പെട്ടവർ

നേമം താജുദ്ദീന്റെ 28 കവിതകളുടെ സമാഹാരമാണ് *ശബ്ദം നഷ്ടപ്പെട്ടവർ*. "അനവധി കൈവഴികളിലൂടെയാണ് സാഹിത്യത്തെ ആളുകൾ ഉപാസിക്കുന്നത്. പുതു കവികളായ അൻവറിന്റെയോ പി.എ നാസിമുദ്ദീന്റെയോ എസ്. ജോസഫിന്റെയോ രേണുകുമാറിന്റെയോ ക്രമങ്ങൾ അല്ല താജുദ്ദീന്റേത്. അക്കിത്തത്തിന്റെയോ സുഗതകുമാരിയുടെയോ പിന്തുടർച്ചയുമല്ല. അങ്ങനെ ആവേണ്ട കാര്യവുമില്ല" എന്ന് എഴുതുന്നു ആമുഖത്തിൽ ഡി. വിനയചന്ദ്രൻ.

പ്രസാധനം: മെലിൻഡ ബുക്സ്. വില 80 രൂപ.

